പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6932 2.11.2011-ൽ മറുപടിക്കുള്ളത്

**ചീമേനിയിലെ കൈവശക്കാർക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാർ ചീമേനിയിലെ കൈവശക്കാർക്ക് പട്ടയം നൽകാൻ തീരുമാനിച്ചുവെങ്കിലും നൂറിൽ അധികം കൈവശക്കാർക്ക് ഇനിയും പട്ടയം ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എ) ചീമേനി വില്ലേജിൽ കൈവശ കൃഷിക്കാർക്ക് പട്ടയം നല്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ. 175/2010/റവ തീയതി.17.05.2010 പ്രകാരം ഉത്തരവായിരുന്നു. ഇതനുസരിച്ച് ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിലെ 1-ാം കാറ്റഗറിയിൽ ഉൾപ്പെട്ട അനന്തരാവകാശികളും മറ്റുമായ അർഹരായ 185 പേർക്കും ഭൂനികുതി അനുവദിച്ചിട്ടുണ്ടെന്നും, 2-ാം കാറ്റഗറിയിൽ അർഹരായ 57 പേർക്ക് ജന്മാവകാശത്തിനുള്ള പട്ടയം ലഭിക്കുന്നതിനായി ലാന്റ് ട്രിബ്യൂണലിൽ വില്ലേജ് ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 3-ാം കാറ്റഗറിയിൽപ്പെട്ട അർഹരായ 14 പേർക്ക് മിച്ചഭൂമി പട്ടയം അനുദിച്ചിട്ടുണ്ടെന്നുമുള്ള വിവരവും അറിയിക്കുന്നു.<br>എന്നാൽ പ്രസ്തുത ഗവൺമെന്റ് ഉത്തരവിൻ പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത നൂറോളം കൈവശക്കാർ ഇനിയുമുണ്ട്. ഇവർക്ക് പട്ടയവും ഭൂനികുതിയും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ